**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5043** **11-08-2021 - ൽ മറുപടിയ്ക്ക്**

**ഓണചന്തകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡിന്റെ പശ്ചാത്തലത്തിൽ ഓണത്തിന് എല്ലാ റേഷൻ കാർഡ് ഉടമകൾക്കും പച്ചക്കറിയും മറ്റ് ഭക്ഷ്യ സാധനങ്ങളും നൽകുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ; | (എ) | 16 ഇനം അവശ്യസാധനങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള ഓണക്കിറ്റാണ് ഈ വർഷം സപ്ലൈകോ മുഖേന തയ്യാറാക്കി റേഷൻ കടകൾ മുഖേന കാർഡുടമകൾക്ക് എത്തിക്കുന്നത്. ആദ്യപടിയായി എ.എ.വൈ. വിഭാഗത്തിൽപ്പെട്ട കാർഡുടമകൾക്കുള്ള കിറ്റുകൾ വിതരണം ചെയ്തു കഴിഞ്ഞു. സപ്ലൈകോ മുഖേന ഓണത്തിന് വിതരണം ചെയ്യുന്ന ആവശ്യ സാധനങ്ങൾ അടങ്ങിയ കിറ്റിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. ഭക്ഷ്യ പൊതുവിതരണ വകുപ്പ് റേഷൻ കാർഡ് ഉടമകൾക്ക് പച്ചക്കറി വിതരണം ചെയ്യുന്നില്ല. ഓണച്ചന്തകളോടനുബന്ധിച്ച് പ്രാദേശീയ കർഷകരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് സപ്ലൈകോ ഔട്ട് ലെറ്റുകളോടനുബന്ധിച്ച് കർഷക കൂട്ടായ്മകൾ/ സംഘങ്ങൾ എന്നിവർക്ക് സ്റ്റാൾ നടത്തുന്നതിന് സ്ഥലം സൗജന്യമായി നൽകുന്നുണ്ട്. |
| (ബി) | ഓണത്തിന് കൂടുതൽ ഓണച്ചന്തകൾ ആരംഭിക്കുന്നതിന് സിവിൽ സപ്ലൈസ് വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ മുൻവർഷങ്ങളിൽ നിന്ന് വ്യത്യസ്തമായി 14 ജില്ലാ കേന്ദ്രങ്ങളിൽ സംഘടിപ്പിക്കുന്ന ജില്ലാതല ഓണം മേളകൾ മാത്രമാണ് പ്രത്യേകമായി സ്ഥലം കണ്ടെത്തിയും പന്തലുകൾ തയ്യാറാക്കിയും അതാത് ജില്ലാ ഭരണാധികാരികളുടെ അനുമതിക്ക് വിധേയമായി ഒരുക്കുന്നത്. ജില്ലാതല ഓണം മേളകൾ ഓഗസ്റ്റ് 11 ന് ആരംഭിച്ച് 20 ന് സമാപിക്കും. താലൂക്ക് കേന്ദ്രങ്ങളിലുള്ള 75 താലൂക്ക് ഫെയറുകൾ, മറ്റ് നിയമസഭാ മണ്ഡലങ്ങൾ കേന്ദ്രീകരിച്ചുള്ള 60 ഓണം മാർക്കറ്റുകൾ എന്നിവ സപ്ലൈകോയുടെ പ്രമുഖ വിൽപ്പനശാലകളോട് അനുബന്ധമായാണ് ഈ വർഷം നടത്തുന്നത്. ഈ മേളകൾ ഓഗസ്റ്റ് 16 ന് ആരംഭിച്ച് ഓഗസ്റ്റ് 20 ന് സമാപിക്കും. ഇതേ കാലയളവിൽ, സപ്ലൈകോയുടെ മറ്റ് വിൽപ്പനശാലകളെല്ലാം ഓണം മിനിഫെയറുകളായി പ്രവർത്തിക്കും. ഇത്തരത്തിൽ സംസ്ഥാനമൊട്ടാകെ |

| | | | |
|---|---|---|---|
| | | | 1498 ഫെയറുകൾ പ്രവർത്തിപ്പിക്കും. എല്ലാത്തരം ഓണം മേളകളിലും സബ്സിഡി-സബ്സിഡി ഇതര ഉൽപ്പന്നങ്ങൾ ലഭ്യമാക്കുന്നതാണ്. ജില്ലാ ഓണം മേളകളിൽ പച്ചക്കറി വിതരണത്തിന് ഹോർട്ടികോർപ്പ്, കർഷക കൂട്ടായ്മകൾ, മറ്റ് പ്രാദേശിക ഇനങ്ങളുടെ വിപണനത്തിന് കുടുംബശ്രീ തുടങ്ങിയ സർക്കാർ ഏജൻസികളുടെ സ്റ്റാളുകൾ തുടങ്ങുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ